# A LULLABY ON FEROKE BRIDGE

P. V. RAJGOPAL

## ONCE IN A BUS

I heard a pretty co-ed hum a lullaby on Feroke Bridge
Down below a red steam launch clipped on its career to the sea
While in its wake a lazy catamaran complete with sail and oarsmen big
Snaked its way with its load of tiles pink and fresh from the factory
A few long limbed storks flapped overhead with silver fish" twixt their beaks
The heavens were grey in the morning light since the sun was battling with the clouds
My bus a veteran of the roads, packed with scholars staff and freaks
Cruised along in its inimitable way diesel-dinned and with cries aloud
The humming ceased, the heat increased and new scenes appeared on either side
Coconut palms, broadacred farms, a garage here a cafe' there
Wordsworth's Reaper on the Caledonian heights had all the silence in the world
To sing as she never sang before her highly enigmatic lays
But my hummer hamlet bred had hummed against heavy odds
To put the river nymphs to sleep that crazy day last February

# ABELARD TO HELOISE
# 1965

P. V. RAJGOPAL

You look most beautiful when you are sad;
It does not mean that I wish to sadden you
To see thy beauty beloved.
I who am so beauty mad
Would like to hear the ring of your girlish laughter adorable one.
I often watch you when you think that no one watches you
And see that virgin brow of yours moist with dew
The dew of worry the bane of youth
You have your young dreams, I have mine,
Old though — rendered young when mixed with thine.
You have your fears which come to spoil your dreams.
I'll fight those fears, end them and lead you to the streams
Of happiness that flow somewhere
Through this troubled world.

# അറ്റോമിക്ക് തിയറിയും അല്പം കണ്ണീരും



**അട്കാർ,** ബി. എസ്സ്സി. II

(മലർകയ്യാൽ..............)

വികൃതിയൊന്നെന്നിലേറി വേണ്ടാത്തതിന്നുമാറി
വിസ്സിത്തത്തിന്നു ഫ്രണ്ട്ബെഞ്ചിൽ ഞാൻ മാറി–എൻെറ
വിധിയാകെ മാറി പിന്നെ ഖൽബകം നീറി.

കോളേജ്ബെൽ മുഴങ്ങി, ക്ലാസ്സിൽ സ്റ്റുഡൻറ്സ് തിങ്ങി
കിളിപോലൊരു 'ഗേള്' മമമുൻ ബെഞ്ചിലും തങ്ങി–എന്നെ
കളിയാക്കി ക്ലാസ്സ്മുഴുവൻ ചിരിയത്തും പൊങ്ങി.

സെക്കൻെറ് ബെല്ല്മുഴങ്ങി, സെക്കൻെറ് കഴിഞ്ഞതില്ല
സാറിങ്ങണഞ്ഞു മെല്ലെ മേശമേൽതല്ലി– പിന്നെ
'സൈലൻസ്പ്ലീസെ'ന്നു തെല്ല് സാരമിൽ ചൊല്ലി ;

'അറ്റൻറ്പ്ലീസെ'ന്നു ചൊല്ലി, അറ്റൻഡൻസെടുത്ത് തള്ളി
'അറ്റോമിക്ക്തിയറി'തൊട്ട് ലെക്ചർതിരതല്ലി– എൻെറ
അറ്റൻഷൻ മാറി, യെൻ മുൻബെഞ്ചിലും തങ്ങി.

ഓർത്തോർത്ത് ഞാനിരുന്നു, ഓർത്തില്ല ക്ലാസ്സതെന്ന്
'ഫോർസിക്സ്റ്റീഫൈവ് സ്റ്റാൻറപ്പ്, ആർയ്യു ഡ്രീമിംഗ്ദേർ– കേട്ടു
വേർത്തൊലിച്ചങ്ങു ഞാൻ, വിറച്ചിതവിടന്നു.

സ്പെക്ക്ടക്ക്ൾസങ്ങു മാററി, സാറെന്നെനോക്കി നീററി
സ്റ്റൂഡൻറ്സ്ത്തങ്ങളിൽ പിറുപിറുപ്പേററി– രണ്ടു
സൈഡിലൂടെൻെറ ഡെസ്കിൽ കണ്ണുനീരുററി !

സോറി, സാറെന്നു ചൊല്ലാൻ തോന്നിയെനിക്കുപക്ഷെ
സീരിയസ്സാക്കിടാതെ സാറു ക്ഷമിച്ചു – എന്തോ
സാരമില്ലെന്നുരച്ചോ ! സ്നേഹമുദിച്ചോ !!

'സിററ്ഡൌൺ ദേറെ'ന്ന് ചൊന്ന സാറിന്ന് നന്മനേർന്നു
സീരിയസ്സായി ഞാനെൻ സീററിലിരുന്നു – എൻെറ
സീക്രട്ടറിയുവാനായ് സകലരും വെമ്പി.

ഇന്നോളം ചൊന്നതില്ലാ യൊന്നുമൊരാളിനോടും
എന്നാലും എൻകരളിൽ നോവുകേറുന്നു – ഇന്നും
അന്നത്തെയോർമ്മകളിങ്ങോടിയെത്തുന്നു.

വീണ്ടും ഞാൻ ചൊന്നതില്ല ഫ്രണ്ടിലിരുന്നതില്ല
വേണ്ടാക്കിനാക്കളൊന്നും കണ്ടതേയില്ല–ഒരു
വണ്ടു പറന്നതും ഞാൻ നോക്കിയേയില്ല !

# കറുത്ത സുന്ദരി

കെ. എം. എൻ. നമ്പൂതിരി, ഒളമതിൽ, ബി. എസ്സ്സി. I

''ഒത്തുപിടിയ്ക്കുക നാമി–
പ്പർവ്വതമിന്നുമറിയ്ക്കാം.
ഉറച്ച കാൽവെപ്പെങ്കിൽ–
തളച്ചുപററില്ലൊട്ടും.''

മൈക്കണ്ണിയാകുന്ന താരകം പോയ്മറ–
ഞ്ഞർക്കൻനഭസ്ഥലം കീഴടക്കീ
വെള്ളിലപ്പൂക്കളിൽ ഗന്ധം പകരുവാൻ
തെന്നിയലഞ്ഞു നടന്നു തെന്നൽ
ഇററിററു വീഴും തുഷാര കണികകൾ
വററിയുണങ്ങിക്കഴിഞ്ഞതില്ലാ–
ജീവിത സ്പന്ദം മുഴങ്ങും തെരുവിലേ–
യ്ക്കാവിഭാതത്തിൽക്കുതിച്ചിറങ്ങി,
കർത്തവ്യലീനരാമാകാശഗാമികൾ
കീർത്തനം പാടുകയായിരുന്നു:–

''ഒത്തുപിടിയ്ക്കുക നാമി–
പ്പർവ്വതമിന്നുമറിയ്ക്കാം
ഉറച്ച കാൽവെപ്പെങ്കിൽ–
തളച്ചുപററില്ലൊട്ടും.''

അജ്ഞത, ദുഃഖമിവയെച്ചെറുത്തു കൊ-
ണ്ടെപ്പോഴും പൊങ്ങുമീയീരടികൾ ;
അണിയറയ്ക്കുള്ളിൽനിന്നശരീരിപോ
ഉയരുമീഭാരതപുത്രശബ്ദം :- [ലവേ,

''ഒത്തുപിടിയ്ക്കുക നാമി-
പ്പർവ്വതമിന്നുമറിയ്ക്കാം.
കറുത്ത സുന്ദരി-നമ്മുടെ മാതാ–
വമരുകയാണിതിനടിയിൽ,
നമ്മുടെ, കിന്നരിയാകും മാതാ-
വീവന്മലയുടെയടിയിൽ !
തോളൊടു തോൾ ചേർന്നീടുക നാം പ്രിയ-
സോദരരേ വരുകീ നിമിഷം !
ഉറച്ച കാൽവെപ്പെങ്കിൽ–
തളച്ചു പററില്ലൊട്ടും !''

പ്രതിബന്ധമെന്തും തുണവൽഗ്ഗണിച്ചു
ണ്ടുയരുന്നു ഭാരതമന്നിമിഷം [കൊ-
വിഷമങ്ങളെന്തും മറികടന്നി ;ന്ത്യത-
ന്നരുമക്കിടാങ്ങൾ ജയിയ്ക്കുയത്രേ.

# പാനപാത്രത്തിന്റെ പറുദീസകൾ........

മേപ്പയ്യൂർ കുഞ്ഞമ്മദ്, ബി.എസ്‌സി. II



മരിച്ചപകലിൻ കുഴിമാടത്തിൽ
മയൂഖ മാലകൾ വിരിനീർത്തി
നിലാവുറങ്ങും കാവുകൾതോറും
നീലവെളിച്ചം തിരിനീട്ടി.
വിണ്ണിൽ—കാറുകൾ നീങ്ങിയ വിണ്ണിൻ
കണ്ണുകൾ താരകളീ രാവിൽ,
മന്നിൽപ്പുളകച്ചാർത്തു വിതയ്ക്കാ–
നിന്നുമുറക്കമിളയ്ക്കുമ്പോൾ ;
വിരിയുമൊരാമ്പൽപ്പൂപോലെന്നുടെ
യരികിലിരിയ്ക്കും കിന്നരി, നീ !

ഏഴാകാശത്തപ്പുറ മഴകിൻ
മഴവിൽക്കൊടികളുറങ്ങുമ്പോൾ,
ആരു രചിച്ചീക്കവിളിൽ, കവിത–
ത്തീരടിയേകും സൗന്ദര്യം............ ?
(ആരു വരച്ചീക്കവിളിൽ, മഴവി–
ല്ലാരുമെനഞ്ഞു നുണക്കുഴികൾ .......)

താമരമൊട്ടുകൾക്കൂമ്പും മാറിലൊ–
രോമൽ സ്വപ്നമുണർന്നല്ലോ.............. !
..................................................................
(മിഴിയിൽ, സ്വർഗ്ഗമുണർന്നാ മിഴികളി,–
ലഴകിൻ പൂക്കൾ ചൊരിഞ്ഞല്ലോ !)
കനത്തുറഞ്ഞൊരു മഞ്ഞിൻകണികയി–
ലനർഘ മരതകമുത്തുകളിൽ ;
നിന്നുതുടിയ്ക്കും നിനവിൽ, കനവിൽ
മണ്ണുംവിണ്ണും തെളിവേൽക്കെ,
പകർന്നിട്ടു, മൽക്കിനാവൊരുക്കിയ
പാത്രത്തിൽ നീ മുന്തിരിനീർ !!
(...... ..........................................................)

പറുദീസകൾ നാമുണർന്നു പാടിയ
പറുദീസകളിലിരിപ്പൂ ഞാൻ !
(സഖി, നീ ഹൃദയവിപഞ്ചിയിലോമൽ
സംഗീതത്തിൻ ശ്രുതിമീട്ടി....! )
നിനക്കുവേണ്ടിത്തുടിയ്ക്കുയാണെൻ
മനസ്സിലോരോയണുവെന്നും........ !

മരുത്തുറങ്ങും പാതിര,യിരവിൻ
വിരിഞ്ഞ മാറിലുറങ്ങുമ്പോൾ,
മയങ്ങിടും മാന്തോപ്പുകളിൽ പൂ–
ങ്കുയിലിൻ ഗാനമലിഞ്ഞപ്പോൾ,
വിരിയുമൊരാമ്പൽപ്പൂപോലെന്നുടെ
കരളിൽ കിക്കിളിയിട്ടു, നീ ;
പറുദീസകൾ നാമുണർന്നു പാടിയ
പറുദീസകളിലിരിപ്പൂ ഞാൻ
പകർന്നിട്ടു, മൽക്കിനാവൊരുക്കിയ
പാത്രത്തിൽ നീ മുന്തിരിനീർ....... !

# രാഗവീചികൾ......

പി. എസ്സ്. ഉണ്ണി, ബി. എസ്‌സി. III

I

ചിന്തകളോരോന്നായി വേറിട്ടു പൊങ്ങി താഴിൽ
ചഞ്ചമായാശ്ലേഷിച്ചു വീണു കണ്ണടയുന്നു.
നീറുന്ന മോഹത്തിന്റെ ചേലതൻ തലപ്പത്തു-
വാരിളം നിനവൊന്നു മുദ്ദവായ്‌വലിയ്ക്കുന്നു.

രാവിന്റെയരമന വാതില്ക്കലെത്തീട്ടെത്തു-
മേവുന്നു തുടിയ്ക്കുന്ന ഹൃത്തുമായ് പകലേ നീ
ഇന്നഹർമ്മുഖത്തിന്റെ കൊട്ടാരവാതില്ക്കലിൽ-
നിന്നാരും കണ്ണും നട്ടു നിന്നെ നോക്കിയതില്ലേ.

ഇരവിൻ മഞ്ചത്തിന്മേൽ നിലവിട്ടുറങ്ങുന്ന-
കരയെ, കടലെന്തോ വേവത്താലാവാം വീണ്ടും-
തിരിഞ്ഞും മറഞ്ഞിട്ടു മസ്വസ്ഥമായിത്തന്റെ-
കരങ്ങളോടടുപ്പിപ്പൂ ഗാഢമാമാശ്ലേഷത്തിൽ.

തങ്കരശ്മികൾ നൂറു വിണ്ണിനെയുടുപ്പിക്കാൻ-
ശാന്തിതന്നർക്കൻ നാളെ കാലത്തിലുണർന്നീടും
മേദുര പ്രമോദഗന്ധവാഹിയായ് പ്രേമത്തിന്റെ-
മാരുതൻ മദാലസ ലോലനായ് വിരുന്നെത്തും.
നിർവൃതി സർവ്വോൽകൃഷ്ട സൌന്ദര്യമാകും സൂന-
വൃഷ്ടിയിൽ വിരമിക്ക മർത്ത്യനെ യെതിരേല്ക്കാൻ.

II

അറിവെന്യേ വന്നിട്ടെന്നകതാരിൽ വെച്ചുള്ള-
തിറമുററ ജീവിതപ്പൊൻവിളക്കേ !
തെളിയ്ക്കു നീ യുൺമതൻ പൊൻതിടമ്പേ – മന്നിൽ
ചൊരിയ്ക്കു നീ സൌന്ദര്യ മാധുരികൾ.

നിന്നിലെയാഴത്തിൽ നിന്നൂറും ഗാനങ്ങൾ-
എന്നാണു തൂവുന്നതെന്റെ വീണ.
പുഷ്പാഞ്ജലിയുമായ് കാത്തിരുന്നീടും ഞാ-
നെത്തിടാറുണ്ടെന്നും നിൻവഴിയിൽ.

എന്നെന്നും നവ്യപ്രതീക്ഷതൻ മാല്യങ്ങ-
ളൊന്നൊന്നായ് കോർത്തു ഞാനെത്തിടുമ്പോൾ

അന്തിക്കുളിർകാററു വന്നെന്നുളകങ്ങൾ-
ചന്തത്തിൽ നന്നായി കോതിവെയ്ക്കും.

തീർത്ഥാടനത്തിന്നിറങ്ങിത്തിരിച്ചുള്ള
സൂത്രധാരൻ പ്രഭു വന്നതില്ല.
മംഗളഗാനത്തിൻ മാററൊലി കേൾക്കുന്നി-
തങ്ങേതോ വാനവ വീഥിതന്നിൽ !

## III

ഏകാന്ത ശാന്തിസുധാമൃതിരും വനവേണു-
നീ കയ്യിലെടുക്കുക, പാടുക മധുരമായ്,
കൂടണഞ്ഞീടട്ടേ മൽ ശോകരാഗങ്ങൾ, ചെററു
വാടാതെയിരിയ്ക്കട്ടേ യീനവഭാവം സഖേ.

വെറുതേയാണോ പൂക്കൾ തല യാട്ടുമ്പോഴൊന്നു-
മറിയാറില്ലേ യുള്ളിൽ വിരിയുംകൊതി ചൊല്ലൂ
എന്തൊരുമോഹം നിൻെറ ഗാനങ്ങൾ പാടാൻ - കേൾക്കാൻ
ഹന്ത ! നീയൊരുങ്ങീലേ യെന്നിട്ടും പറക നീ.

ഞാനെൻെറ കണ്ണീരിൻെറ നൈർമ്മല്യം തുളമ്പുന്ന-
തേന്തും മോഹത്തിൻെറ പൂക്കളാൽ മാല്യംകോർത്തു
പരിശുദ്ധിതൻ പൊന്നുപന്തലിൽ പ്രേമത്തിൻെറ-
നിറദീപത്തിൻ മുമ്പിൽ വെച്ചു ഞാനണിയിയ്ക്കാം.

## IV

എന്തോരു ദാഹമാണെന്നു കൊതിയ്ക്കലൊ-
ണ്ണെൻെറ ഗാനത്തിൻെറ പൊന്നൊലിയിൽ.
നീ ശ്രവിച്ചില്ലയോ ദാഹിക്കുമാത്മാവിൻ
മോഹമീ മാമക ഗീതിതന്നിൽ.

പാവം ! വിരിഞ്ഞാലും വാടിത്തളരുവാ-
നാവനപുഷ്പം വിധിച്ചതത്രേ.
കേഴുന്നൊരാത്മാവിൻ ഗാനം ശ്രവിക്കുവാൻ
താഴോട്ടിറങ്ങുവതില്ല കണ്ണും !

ആലസച്ചൈത്രവും ഗ്രീഷ്മവും വന്നങ്ങു-
കാലത്തിൽ തോപ്പിലമന്ദ മാഞ്ഞു
പൊട്ടിച്ചിരിച്ചു കഴിഞ്ഞു വസന്തവും
മുട്ടാതെ തൂകി ഗ്രീഷ്മവും കണ്ണീർ തൂകി.

നിറയുന്ന പ്രേമമങ്ങകതാരിൽ തങ്ങാതെ-
കരവിട്ടൊഴുകവേ തേങ്ങിപോൽ ഞാൻ !
'കരയു തമസ്സേ നീ ! തവകണ്ണീർ നാളെ തൻ-
പുലരിത്തുടുപ്പിൻ കളങ്കം ചാർത്തും ! !.... '



# സമാധാനത്തിന്റെ കാവൽഭടൻ

ഷാഹുൽ ഹമീദ്, ബി. എസ്സ്.സി. II

[ കേക ]

ഞെട്ടി ഞാൻ കേൾക്കുമ്പോഴാ–
വാർത്തയെൻ ഹൃദയത്തിൽ
തട്ടി, ഞാനന്ധാളിച്ചു
നിന്നുപോയ് കുറെ നേരം;
ലോകൈക മഹാപ്രഭൻ
പണ്ഡിത ജവഹർലാൽ
ലോകത്തെപ്പിരിഞ്ഞുപോയ്,
ചിന്തിക്കാൻ കഴിഞ്ഞില്ല.
ഇന്ത്യയെസ്സമൃദ്ധിയാം
പറുദീസയിലേയ്ക്കു,
സന്തതം നയിച്ചോരാ
വിശ്വരാഷ്ട്രതന്ത്രജ്ഞൻ,
ലോകത്തിൻ ജനാവലി–
യൊക്കെയുമാരാധിച്ചോ
രേകലോകാദർശത്തിൻ
ദീപവും പൊലിഞ്ഞുപോയ് !
ലോകത്തെ സ്സമാധാന–
ലക്ഷ്യത്തിലെത്തിയ്ക്കുവാൻ
ലോകൈക വിശാരദൻ
സന്തതം ശ്രമിക്കവേ,

ജ്ഞാനത്തിൻ പ്രാധാന്യത്തെ–
യേററവും ഗ്രഹിച്ചോരാ
മാനവസ്നേഹിയെന്നെ–
ന്നേയ്ക്കുമായ് പ്പിരിഞ്ഞുപോയ്!
ഇന്ത്യതൻ ജനങ്ങളെ
യന്ധമായ് സ്നേഹിച്ചോരാ
വന്ദ്യനാം ജവാഹർലാൽ
നമ്മെ, ഹാ! പിരിഞ്ഞുപോയ്.
ഉത്തമം ഗാന്ധിതത്വ–
മപ്പടിഗ്രഹിച്ചോരാ
നിസ്തുല പ്രവാചകൻ
നമ്മളെപ്പിരിഞ്ഞുപോയ് !
സ്നേഹത്തിൻ പരിപൂർണ്ണ–
രൂപമാമഹിംസയാൽ
ആഹവം ചെയ്ത പുണ്യ–
ശ്ലോകനാം ജവാഹർലാൽ,
ഭാരതമദ്ദേഹത്തി–
ന്നേററവും മഹത്താകും
സ്മാരകം പണിതീർക്കും
ജനതാചിത്തങ്ങളിൽ !

# SWA LASYA

P. V. RAJGOPAL



Gazelle eyed girlie in your gyrations, what does that mudra say
Is it just *sirpa sirsa* the cobra's head to ward off the evil eye?
Or *ardha-chandra* the half-moon gesture of hope and bravery
Or *Kataka* the garland mudra signifying the spirit of inquiry
Or *ala padma* the lotus symbol of Krishna's reincarnation
Maybe it is *Kartari mukha* meaning death and separation
Or the erotic *Sikhara* holding out an exclusive invitation
Or *Kapitha* the veil holder's pose
Or *gaja* bringing love to a close
I've heard of *suchi* denoting surprise and ecstasy
And *bhramana* the flight of the bumble bee
"Tis none of these" the girl replies as her silver anklets jingle
"Tis a concoction all my own where four schools of dance mingle
I'll call it *swa lasya* the dance of the maiden single."



# വസന്തം വന്നു

**കെ. വാസു,** ബി. എ. I

വന്നു വസന്തം ഹാ! മൽജീവവാടിയിൽ
കണ്ണുനീരിന്റെ കഥ പറയാൻ
സങ്കല്പവാടിയിൽ മൊട്ടിട്ടിരുന്നതാ-
മെമ്പാട്ടം മന്ദാരം വീണുപോയി.
മാനസ കോണിൽ ഞാൻ സൂക്ഷിച്ചു വെച്ചതാം
മോഹപ്രതീക്ഷകൾ മണ്ണടിഞ്ഞു.
പൂക്കളുണ്ടെൻ മനോവാടിയിലെന്നാലു-
മാർത്തനാണിന്നു ഞാനെന്തുകൊണ്ടോ!
എല്ലാടവും സുമസുന്ദരമെങ്കിലു-
മെല്ലാമെനിക്കിന്നു മിഥ്യയായ്പോയ്.
എൻ ജീവവാടിതൻ ഹൃത്തിൽ ഞാൻ നട്ടതാം
ചെമ്പകം മാത്രം വിടർന്നതില്ല.
ഓളങ്ങളാലെന്റെയോർമ്മയാം കൊച്ചോട-
മാഴിതന്നാഴത്തിലാണ്ടിടുന്നു.
പിന്നിട്ടു പിന്നെയും വന്നു വസന്തം ഹാ!
വന്നില്ല നീമാത്രമെന്തുകൊണ്ടോ?
എൻ ജീവിതാശയാൽ ഞാൻ പടുത്തേറ്റിയ
സങ്കല്പ സൌധം മറിഞ്ഞുവീണു.
പൂമണം പേറിയ തെന്നലൻ മേനിയെ
പുല്കിയ നേരമെൻ ഹൃത്തടത്തിൽ
നിന്നെക്കുറിച്ചുള്ളൊരായിരം സ്വപ്നങ്ങൾ
കൺമുന്നിലങ്ങനെ നൃത്തമാടി.
സൂനം വിരിഞ്ഞു വസന്തവും വന്നിതാ
ഞാനതിലെന്തിനസൂയകൊൾവൂ.
വേദനയെന്നാത്മ വാടിയിൽ മൊട്ടിടാ
നോടിക്കൊണ്ടിങ്ങു നീ വന്നതാവാം.
നീ വരും തീർച്ചയതിനെച്ചെറുക്കുവാ
നാരെക്കൊണ്ടാകും ധരാതലത്തിൽ!
ഞാനതിൽ സന്തപിക്കേണ്ടതില്ലെങ്കിലും
മാമക മാനസം നീറിടുന്നു.
തൂലിക, നിർത്തട്ടെ പൂക്കളെ നിങ്ങളും
തൂമണം വറ്റാതെ കൂമ്പിയാലും.